മലയാള മനോരമ

17-10-2003

# നാൽപത്തിനാല് അപൂർവയിനം ചിലന്തികളെ കണ്ടെത്തി

സ്വന്തം ലേഖകൻ

കൊച്ചി: തേവര സേക്രഡ് ഹാർട്ട് കോളജിന്റെ ആഭിമുഖ്യത്തിൽ വാഗമണ്ണിൽ നടത്തിയ പഠനത്തിൽ 44 അപൂർവയിനം ചിലന്തികളെ കണ്ടെത്തി.

ചാട്ടച്ചിലന്തിയും പുൽച്ചിലന്തിയുമുൾപ്പെടെയുള്ള അപൂർവ ഇനങ്ങളാണ് വാഗമണ്ണിൽ ധാരാളമുണ്ടെന്നു തെളിഞ്ഞത്. ലോകത്തു മറ്റെങ്ങും കണ്ടെത്തിയിട്ടില്ലാത്ത ആറിനം ചിലന്തികളെയും തിരിച്ചറിഞ്ഞിട്ടുണ്ട്.

ഒൻപതു കുടുംബങ്ങളിൽ പെടുന്ന 26 ജനുസ്സുകളിൽ ഉൾപ്പെട്ടതാണ് കണ്ടെത്തിയ ചിലന്തികൾ. വലയ്ക്കു നടുവിലെ മൺകൂടാരത്തിൽ താമസിക്കുന്ന 'ലിനേ ഫിയ' വംശത്തിൽപെട്ട ചിലന്തിയാണ് അത്യപൂർവമായിട്ടുള്ളത്. കുരിശുമലയ്ക്കു സമീപമുള്ള ചോലക്കാടുകളിൽ നിന്നു കണ്ടെത്തിയ 'റെനെ ഫ്ളാവിജെ' വിഭാഗത്തിൽ പെടുന്ന ചിലന്തിയെക്കുറിച്ചു ഇതിനു മുൻപ് രേഖകളുള്ളത് 1848-ലാണ്.

അന്ന് ഇന്തൊനീഷ്യയിൽ നിന്നാണ് ഇതിനെ കണ്ടെത്തിയത്. 1937-ൽ ചൈനയിൽ കണ്ടെത്തിയ 'റെനെ കാൻഡിഡ' എന്ന ഇനത്തിൽപെട്ട ചിലന്തിയേയും ഇന്ത്യയിലാദ്യമായി വാഗമണ്ണിൽ കണ്ടെത്തി.

ശ്രീലങ്കയിൽ 1880-ൽ കണ്ടെത്തിയ 'കറുത്ത വിധവാ ചിലന്തി'(ആർഗൈറോഡസ് ഫ്ളാവസൻസ്) ഇനത്തെയും കോലാഹലമേട്ടിൽ നിന്നു കണ്ടെത്തിയിട്ടുണ്ട്. ഉദരത്തിന്റെ അറ്റത്തുള്ള കറുത്ത പൊട്ടാണ് ഇവയുടെ പ്രത്യേകത.

എസ്.എച്ച് കോളജിലെ ഡോ. പി.എ സെബാസ്റ്റ്യൻ, ഡോ.ജോൺ ജോസഫ്, സുധികുമാർ, എ. മാത്യു എന്നിവരാണ് വാഗമണ്ണിൽ പഠനങ്ങൾ നടത്തിയത്.

**തേവര സേക്രഡ് ഹാർട്ട് കോളജിന്റെ ആഭിമുഖ്യത്തിൽ വാഗമണ്ണിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയ അപൂർവയിനം ചിലന്തികളിൽ ചിലത്:**



ലിനിഫിയ



സൈലർ



ഓക്സിയോപ്പസ്



റെനെ ഫ്ളാവിജെ



ആർഗൈറോഡസ് ഫ്ളാവസൻസ്



റെനെ കാൻഡിഡ